9816
28/4/17

**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - ശ്രീ. സണ്ണി ജോസഫ് എം.എൽ.എ. (പേരാവൂർ) 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതി - എടക്കാനം മോച്ചേരി റോഡ് (ഇരിട്ടി നഗരസഭ) – ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 1175/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 17.04.2017.

---

പരാമർശം - (1) ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ശ്രീ. സണ്ണി ജോസഫ് എം.എൽ.എ. നൽകിയ 03.10.2016 ലെ കത്ത്.

(2) പൊതുമരാമത്ത് റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെ 17.02.2017 ലെ CE/R&B2016/KNR/LAC ADF/Price /8783 നമ്പർ കത്ത്.

(3) 11.06.2012-ലെ നം.332/2012/ധന. നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

പേരാവൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ സണ്ണി ജോസഫ് എം.എൽ.എ., "എടക്കാനം മോചേരി റോഡ് (ഇരിട്ടി നഗരസഭ)" എന്ന പ്രവൃത്തിക്ക് എൽ.എ.സി.-എ.ഡി.എസ്. പ്രകാരം ഭരണാനുമതി ലഭ്യമാക്കണമെന്ന് പരാമർശം 1 ആവശ്യപ്പെട്ടിരുന്നു.

2. പൊതുമരാമത്ത് റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിയുടെ ഡിപി.ആർ. പരാമർശം 2 പ്രകാരം സമർപ്പിക്കുകയുണ്ടായി.

3. നിർദ്ദേശം, സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പേരാവൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ സണ്ണി ജോസഫ് എം.എൽ.എ നിർദ്ദേശിച്ച എടക്കാനം മോചേരി റോഡ് (ഇരിട്ടി നഗരസഭ) എന്ന പ്രവർത്തിക്ക് (പ്രോജക്റ്റ് ഐ.ഡി.886) വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും, പരാമർശം 3-ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കേണ്ടതാണെന്നും ക്വാളിറ്റി കൺട്രോൾ ചാർജ്ജ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 15,300/-(പതിനയ്യായിരത്തി മുന്നൂറ് രൂപയും) സർവ്വീസ് ടാക്സ് ഇനത്തിൽ വകയിരുത്തിയിരുന്ന 1,12,445/- (ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി നാനൂറ്റി നാൽപത്തഞ്ചു രൂപ) അനുവദനീയമല്ല എന്നുമുള്ള വ്യവസ്ഥയ്ക്ക് വിധേയമായി 2016-2017 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും 20 ലക്ഷം (ഇരുപതു ലക്ഷം) രൂപ അനുവദിച്ച ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

4. പ്രൊജക്റ്റ് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്റ്റ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.പി.വിജയകുമാർ,
സ്പെഷ്യൽ സെക്രട്ടറി.

ശ്രീ. സണ്ണി ജോസഫ് എം.എൽ.എ., പേരാവൂർ നിയോജക മണ്ഡലം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡുകളും പാലങ്ങളും). തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, ഇരിട്ടി നഗരസഭ.
ധനകാര്യ വകുപ്പ് (909868/NC-C3/2016/Fin. dated 22.03.2017)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഓഫീസ് കോപ്പി / കരുതൽ ഫയൽ
പകർപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.